**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1601** **15-03-2022 - ൽ മറുപടിയ്ക്ക്**

**ഫാം തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷിവകുപ്പിന് കീഴിലെ ഫാമുകളിൽ ജോലി ചെയ്യുന്ന സ്ഥിരം തൊഴിലാളികളെ സർക്കാർ ജീവനക്കാരായി പരിഗണിച്ചിട്ടുണ്ടോ; ഗ്രൂപ്പ് ഇൻഷ്വറൻസ്, എസ്.എൽ.ഐ., ആക്സിഡന്റ് ഇൻഷ്വറൻസ് എന്നിവ ഉൾപ്പെടെ സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും പ്രസ്തുത ജീവനക്കാർക്കും ലഭ്യമാക്കുമോ; | (എ) | കൃഷിവകുപ്പിനു കീഴിൽ ഫാമുകളിൽ ജോലി ചെയ്തു വരുന്ന സ്ഥിരം തൊഴിലാളികളെ സർക്കാർ ജീവനക്കാരായി പരിഗണിച്ചിട്ടില്ല. ഗ്രൂപ്പ് ഇൻഷ്വറൻസ്, എസ്.എൽ.ഐ, ആക്സിഡന്റ് ഇൻഷ്വറൻസ് എന്നിവ തൊഴിലാളികൾക്ക് ബാധകമാക്കിയിട്ടില്ല. സർക്കാർ ജീവനക്കാർക്കുള്ള മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ്, വിവാഹ ധനസഹായം, ലീവ് സറണ്ടർ എന്നിവ തൊഴിലാളികൾക്കും അനുവദിച്ചിട്ടുണ്ട്. കാഷ്വൽ ലീവ്, വീക്ലി ഓഫ്, ലീവ് സറണ്ടർ, ദേശീയാവധികൾ, ഉൽസവാവധികൾ, സിക്ക് ലീവ്, ഏൺഡ് ലീവ് എന്നിവ തൊഴിലാളികൾക്ക് അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ജീവനക്കാരെ സബോർഡിനേറ്റ് സർവ്വീസ് ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ചട്ടം ഭേദഗതി ചെയ്ത് ഇവരെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ഇല്ല. പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ